## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 298

23.3.2015-ൽ മറുപടിക്ക്

### നികുതി ഇളവ്

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യൂ
,, എ.കെ. ബാലൻ
,, കെ. സുരേഷ് കുറുപ്പ്
,, സി. രവീന്ദ്രനാഥ്

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന ഏതെങ്കിലും നികുതിയിൽ ഇളവ് വരുത്തുകയോ, നിർത്തലാക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ തീരുമാനങ്ങൾ ഓരോന്നും കൈക്കൊള്ളുന്നതിന് ഇടയായ സാഹചര്യം എന്തായിരുന്നു;

**ഉത്തരം**

ഡോ: എം.കെ. മുനീർ
(പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

(എ)
(ബി)

നികുതി ഇളവ് നൽകിയിട്ടുണ്ട്. 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് & എന്റർടൈൻമെന്റ് ആക്ട് 7(എ) ലെ വ്യവസ്ഥകൾക്കനുസൃതമായി വിദ്യാഭ്യാസപരവും, സാംസ്ക്കാരികവും ശാസ്ത്രീയവും പൊതുജനാരോഗ്യ താൽപര്യങ്ങൾക്കനുസൃതവും, കാർഷികവും വ്യാവസായികവുമായ കാര്യങ്ങൾക്ക് പ്രോത്സാഹന ജനകവും ലാഭേച്ഛ കൂടാതെയും മതപരമോ, ധാർമ്മിക കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ സിനിമാ പ്രദർശനങ്ങൾക്കും മറ്റു പ്രദർശനങ്ങൾക്കും അപേക്ഷയുടെ അടിസ്ഥാനത്തിൽ വിനോദനികുതിയിൽ നിന്നും ഇളവ് ചെയ്ത് നൽകിയിട്ടുണ്ട്.

1994-ലെ കേരള മുനിസിപ്പാലിറ്റീസ്/ പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ടിലെ വസ്തു നികുതിയിൽ നിന്നും ഒഴിവ് നൽകിക്കൊണ്ടുള്ള കെട്ടിടങ്ങളുടെ വിഭാഗത്തിൽ സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററിതലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന കെട്ടിടങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. 25.11.2012 മുതൽ പ്രാബല്യത്തോടെയാണ് ഈ ഭേദഗതി നിലവിൽ വന്നത്.

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 281(2) വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി നഗരസഭകളിൽ സ്ഥിതിചെയ്യുന്ന ചില പ്രത്യക കെട്ടിടങ്ങളെ വസ്തു നികുതി അടക്കുന്നതിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്.

കേരളാ പഞ്ചായത്ത്രാജ്/മുനിസിപ്പാലിറ്റി ആക്ട് (വസ്തു നികുതിയും, സേവന ഉപ നികുതിയും, സർചാർജ്ജും) ചട്ടങ്ങൾ ഭേദഗതി ചെയ്ത് 14.1.2011 ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. സർക്കാർ വിജ്ഞാപനം ചെയ്ത നികുതി നിരക്കുകൾ പ്രത്യേകിച്ചും ഗാർഹികേതര കെട്ടിടങ്ങളുടെ കാര്യത്തിൽ വളരെ കൂടുതലാണെന്ന പരാതിയെതുടർന്ന് 2013-ൽ ടി ചട്ടങ്ങൾ താഴെപ്പറുയം പ്രകാരം ഭേദഗതി ചെയ്യുകയുണ്ടായി.

1. 24.02.2015-ലെ സ.ഉ.(അ) നമ്പർ 36/2015/തസ്വഭവ പ്രകാരം നിരക്ക് നിശ്ചയിച്ചു കൊണ്ടുള്ള ഭേദഗതി വിജ്ഞാപനത്തിൽ വിദ്യാഭ്യാസ സ്ഥാപനത്തിലെ കോമ്പൗണ്ടിൽ വരുന്നതും, അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്കായ 3-8 രൂപ നിരക്ക് ആയി കുറച്ചിട്ടുണ്ട്.

2. എം.എസ്.എം.ഇ. ആക്ട് പ്രകാരം (ചെറുകിട) വ്യവസായ യൂണിറ്റുകൾ) രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരുന്ന 40-60/- രൂപ നികുതി നിരക്ക് 15-25/- രൂപയായി കുറവ് ചെയ്തിട്ടുണ്ട്.

3. ഉടമസ്ഥൻ മറ്റൊരാൾക്ക് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിന്മേൽ ഉണ്ടായിരുന്ന 50% അധിക നിരക്കും വാടകയ്ക്ക് നൽകിയിട്ടുള്ള സ്റ്റാർ ഹോട്ടൽ/മസാജ് പാർലറുകൾക്ക് ഉണ്ടായിരുന്ന 75% അധിക നിരക്കും ഒഴിവാക്കുകയുണ്ടായി.

4. കെട്ടിടത്തിന്റെ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ, ഒന്നാം തരം റോഡ് എന്നിവയിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകളെ അപേക്ഷിച്ച് 30% അധിക നിരക്ക്, 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകൾക്ക് ബാധകമായിട്ടുള്ള 20% അധിക നിരക്ക് എന്ന തോതിലേയ്ക്ക് കുറവ് വരുത്തിയിട്ടുണ്ട്.

5. 200 ച.മീ. മുതൽ 300 ച.മീ. വരെ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകളിന്മേൽ ഉണ്ടായിരുന്ന 10% അധിക നിരക്കുകളും, 300 ച.മീറ്ററും അതിലധികവും വരുന്ന കെട്ടിടങ്ങൾക്കുള്ള 20% അധിക നിരക്കും ഒഴിവാക്കുകയുണ്ടായി.

6. എയർ കണ്ടീഷനിംഗ് സൗകര്യമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളെ അപേക്ഷിച്ച് 10% വർദ്ധനവ് എന്നത് കേന്ദ്രീകൃത (സെൻട്രലൈസ്ഡ്) എയർ കണ്ടീഷനിംഗ് സൗകര്യമുള്ള കെട്ടിടങ്ങൾക്ക് എന്ന നിലയിൽ പരിമിതപ്പെടുത്തി.

7. മേൽത്തരം തടി അഥവാ മറ്റേതെങ്കിലും വിലയേറിയ ചുവർ നിർമ്മാണ വസ്തുക്കൾ കൊണ്ടുള്ള ആകർഷകമാക്കപ്പെട്ട ചുവർ എന്നിവയ്ക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകളിന്മേൽ ഉണ്ടായിരുന്ന 15% അധിക നിരക്ക് വേണ്ടെന്നുവച്ചു.

8. മേൽത്തരം തടി, മാർബിൾ, ഗ്രാനൈറ്റ്, വിട്രഫൈഡ്/ഗ്ലേസ്ഡ് ടൈൽ അഥവാ മറ്റേതെങ്കിലും വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറയോട് കൂടി കെട്ടിങ്ങൾക്ക് ഉണ്ടായിരുന്ന 15% അധിക നിരക്ക് മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് അഥവാ മറ്റേതെങ്കിലും വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച 250 ച.മീ. ൽ കൂടുതൽ വിസ്തീർണ്ണമുള്ള തറയോട് കൂടിയ കെട്ടിടങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തി.

(സി) ഇത്തരത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് അവലോകനം നടത്തിയിരുന്നോ; വ്യക്തമാക്കാമോ:

(ഡി) ഈ തീരുമാനം മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ വരുന്ന കുറവ് നികത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(സി) (ഡി) 1993-94 കാലഘട്ടത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവും ഒടുവിൽ വസ്തു നികുതി പരിഷ്ക്കരിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിലെ മുഖ്യ വരുമാന സ്രോതസ്സ് വസ്തു നികുതിയാണ്. ദീർഘകാലമായി വസ്തു നികുതി പരിഷ്ക്കരിക്കാതിരുന്നത് മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പോലും വരുമാനമില്ലാത്ത അവസ്ഥ ഉണ്ടായിരുന്നു. കറണ്ട് ചാർജ്ജ്, വെള്ളക്കരം, ഇന്ധന ചിലവ്, മറ്റിതര ചിലവ് എന്നിവയിൽ കാലാകാലങ്ങളിലുണ്ടായ വർദ്ധനവിനനുസരിച്ച് ചില ഗ്രാമപഞ്ചായത്തുകൾക്ക് തനതു വരുമാനം വർദ്ധിക്കാതിരുന്ന സാഹചര്യത്തിൽ, സർക്കാർ 150-ഓളം ഗ്രാമപഞ്ചായത്തുകൾക്ക് ഗ്യാപ്പ് ഫണ്ട് അനുവദിച്ചിരുന്നു. എന്നാൽ വസ്തു നികുതി പരിഷ്കരണം നടപ്പാക്കിയതോടെ ഈ സ്ഥിതിക്ക് മാറ്റം വന്നിട്ടുണ്ട്. നികുതി ഇളവ് നൽകിയതു മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കാര്യമായ വരുമാനനഷ്ടം സംഭവിച്ചിട്ടില്ല. വസ്തു നികുതി പരിഷ്ക്കരണം പൂർത്തിയാകുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ